13114
11/12/20

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട്
**സിവിൽസ്റ്റേഷൻ (പി.ഓ), കോഴിക്കോട്- 673020**
ഫോൺ - 0495 2370494, ഫാക്സ് - 0495 2370494
ഇമെയിൽ dmohkozhikode@gmail.com

അനുബന്ധം - എച്ച് 4

നം: എ6/4748/2019 തിയ്യതി: 30.11.2020

## നോട്ടീസ്

ശ്രീമതി.ഷീബ.എൻ.ആർ, സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2, ഗവ. ജനറൽ ആശുപത്രി, കോഴിക്കോട് (തീർത്ഥം ഹൗസ്, പുതിയറ.പി.ഒ, കോഴിക്കോട് പിൻകോഡ്-673004) എന്നവരുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ താങ്കൾക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ അച്ചടക്ക നടപടികളുടെ ഭാഗമായി ഒരു കുറ്റാരോപണ മെമ്മോ നമ്പർ എ6-4748/2019 തിയ്യതി: 05.04.2019 പ്രകാരം അവസാനമായി അറിവുള്ള താങ്കളുടെ മേൽവിലാസത്തിൽ അയക്കുകയുണ്ടായി. എന്നാൽ മേൽവിലാസം അസാധുവെന്നുള്ള രേഖപ്പെടുത്തലോട് കൂടി താങ്കൾക്ക് അയച്ച മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോ അടങ്ങിയ കവർ പോസ്റ്റൽ അധികാരികൾ തിരിച്ച് അയച്ചു തന്നിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾക്കെതിരായി താങ്കളുടെ പ്രതിവാദപത്രികയോ, വിശദീകരണമോ ഈ ഓഫീസിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണെന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോയുടെ മുഴുവൻ ഭാഗങ്ങളും നിശ്ചയിക്കപ്പെട്ട തിയ്യതിക്കുള്ളിൽ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ശരിയായ മേൽവിലാസം സഹിതം രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ തപാൽ മാർഗ്ഗമോ താങ്കൾക്ക് ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോഴിക്കോട്.

സ്വീകർത്താവ്:

ശ്രീമതി.ഷീബ.എൻ.ആർ, സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2
ഗവ. ജനറൽ ആശുപത്രി, കോഴിക്കോട്
(തീർത്ഥം ഹൗസ്, പുതിയറ.പി.ഒ, കോഴിക്കോട് പിൻകോഡ്-673004)

എസ്.എ.എം